(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബില്ലുകൾ സമർപ്പിച്ചിട്ടുള്ള കരാറുകാർക്ക് ബിൽ തുക മാറിക്കിട്ടുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

CMLRRP പദ്ധതിക്കുകീഴിലെ പ്രവൃത്തികളുടെ ബിൽ തുക മാറി നൽകുന്നതിന് ജില്ലാ തല ഉദ്യോഗസ്ഥരായ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി ബിൽ തുക മാറി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നതാണ്.

ആറ്റുകാൽ പൊങ്കാല ശുചീകരണ പ്രവർത്തനം

323(1689) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ പൊങ്കാല ഒരുക്കങ്ങളുടെയും ശുചീകരണ പ്രവർത്തനങ്ങളുടെയും ഭാഗമായി തട്ടിപ്പ് നടന്നുവെന്ന ആരോപണത്തിന്മേൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

&

(ബി) ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലോറികൾക്ക് വാടകയിനത്തിൽ ഉൾപ്പെടെ വലിയ തുക നൽകിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വകുപ്പുതല വിജിലൻസ് അന്വേഷണം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതിയിന്മേൽ നഗരകാര്യ ഡയറക്ടറോട് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നല്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly